# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3630 17.10.2011-ൽ മറുപടിയ്ക്ക്**

## കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സാ പിഴവുമൂലമുള്ള മരണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. കെ. അജിത്:** | **ശ്രീ. അടൂർ പ്രകാശ്**<br>**(ആരോഗ്യവും കയറും വകുപ്പു മന്ത്രി)** |
| (എ) കോട്ടയം മെഡിക്കൽ കോളേജിൽ അന്യസംസ്ഥാന തൊഴിലാളി മരണമടഞ്ഞത് സംബന്ധിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രസ്തുത സംഭവത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് എന്തെങ്കിലും വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; | (ബി) പ്രസ്തുത സംഭവത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച സംഭവിച്ചതായി കണ്ടെത്തിയിട്ടില്ല. ആശുപത്രി രേഖകൾ പരിശോധിച്ചതിൽ നിന്നും സീതി (18 വയസ്സ്) എന്ന അന്യസംസ്ഥാന തൊഴിലാളിയെ 06.09.2011-ൽ രാത്രി 11 മണിക്കാണ് കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിൽ അത്യാസന്നനിലയിൽ പ്രവേശിപ്പിച്ചത്. 08.09.2011 രാവിലെ 7.30 വരെ രോഗിയുടെ ജീവൻ നിലനിന്നതായി ആശുപത്രി രേഖകളിൽ നിന്നും അറിവായിട്ടുണ്ട്. കൂടാതെ പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ നിന്നും സീതിയുടെ മരണകാരണം തലയ്ക്കേറ്റ പരിക്കാണെന്നും മറിച്ച് ശ്വാസതടസ്സം അല്ല എന്നും വ്യക്തമാകുന്നു. അതിനാൽ പ്രസ്തുത സംഭവത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീഴ്ച സംഭവിച്ചതായി കണ്ടെത്താനായിട്ടില്ല. |

| | |
|---|---|
| (സി) അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടികൾ സ്വീകരിക്കുമോ ? | (സി) അത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ സംസ്ഥാനത്തെ 5 മെഡിക്കൽ കോളേജുകളിലെയും തീവ്രപരിചരണ വിഭാഗത്തിലെ സംവിധാനങ്ങൾ മെച്ചപ്പെടുത്താനും അപകടത്തിൽ പരിക്കേറ്റ് എത്തുന്ന രോഗികളെ ശുശ്രൂഷിക്കാൻ ക്രാഷ് കാർട്ട് സംവിധാനം ഏർപ്പെടുത്താനും, ഇത്തരം രോഗികൾക്ക് നൽകപ്പെടുന്ന ചികിത്സാരീതികൾ നിരീക്ഷിക്കാൻ ക്ലോസ്ഡ് സർക്യൂട്ട് ക്യാമറകൾ സ്ഥാപിക്കാനും, കൂടുതൽ വെന്റിലേറ്ററുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുവാനും, ഉപകരണങ്ങളും മരുന്നും വാങ്ങുന്നതിന് സൂപ്രണ്ടുമാർക്ക് ഉപയോഗിക്കാവുന്ന തുകയുടെ പരിധി വർദ്ധിപ്പിക്കാനും ബഹു. മുഖ്യമന്ത്രി 20.09.2011-ൽ വിളിച്ചു ചേർത്ത യോഗത്തിൽ തീരുമാനമായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ